പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1517

3\10.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

<u>വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം</u>

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീ.ഉമ്മൻചാണ്ടി

(മുഖ്യ മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് നിയമനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ശതമാനം; | എ) ഉണ്ട്. തസ്തികകൾ വിശദമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.<br>3%(മൂന്ന് ശതമാനം) |
| (ബി) ശാരീരിക, ബധിര, മൂക വൈകല്യമുള്ളവർക്ക് ഏത് അനുപാതത്തിലാണ് നിയമനം നൽകുക; ഇതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; | (ബി) നിലവിൽ വികലാംഗർക്ക് 3% സംവരണമാണ് നിശ്ചയിച്ചിട്ടുള്ളത്. ആയത് 1:1:1 അനുപാതത്തിൽ യഥാക്രമം അന്ധർ/ഭാഗികമായി അന്ധതയുള്ളവർ, ബധിരർ/ഭാഗികമായി ബധിരതയുള്ളവർ, ചലന സംബന്ധമായ വൈകല്യമുള്ളവർ എന്നിവർക്ക് 3% സംവരണം നൽകി നിയമനം നൽകുന്നുണ്ട്. |
| (സി) ഈ മാസവും തുടർന്നുള്ള മാസങ്ങളിലും, കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ക്വാട്ട പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 1.1.2008 മുതൽ 3% സംവരണാനുകൂല്യം വികലാംഗർക്ക് നൽകിക്കൊണ്ട് സ്ഥിരനിയമനം നടത്തി വരുന്നു. |
| (ഡി) ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന മുഴുവൻ വികലാംഗ ഉദ്യോഗാർത്ഥികളേയും നിലവിലെ ക്വാട്ടയിൽ നിയമിക്കാൻ തയ്യാറാകുമോ; ഇതിനായി നിയമ ഭേദഗതിക്ക് നടപടി സ്വീകരിക്കുമോ; | (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (ഇ) വികലാംഗരുടെ നിയമനങ്ങളിൽ ബാക്ക് ലോഗ് നികത്തുവാൻ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താൻ നടപടി സ്വികരിക്കുമോ; | (ഈ) സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) വികലാംഗ നിയമനത്തിന് അർഹത നേടിയ എത്ര പേർ ഇപ്പോഴത്തെ റാങ്ക് ലിസ്റ്റുകളനുസരിച്ച് നിയമനം ലഭിക്കാനായി കാത്തു നിൽക്കുന്നു; | (എഫ്) 3300 ഉദ്യോഗാർത്ഥികൾ പ്രസ്തുത കാലയളവിൽ ഉൾക്കൊള്ളുന്നുണ്ട്. |
| (ജി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിലെ വികലാംഗരായ മുഴുവൻ ഉദ്യോഗാർത്ഥികളേയും നിയമനം നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾ ഇല്ലാത്ത സാഹചര്യം വന്നാൽ മാത്രം ആവശ്യമെങ്കിൽ തെരഞ്ഞെടുപ്പ് നടത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ജി) ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച ശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ